# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 നവംബർ 10, ബുധനാഴ്ച

**നമ്പർ 49**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

മന്ത്രിമാരുടെ പ്രസ്താവന (ചോദ്യങ്ങളുടെ ഉത്തരത്തിനുള്ള തിരുത്ത്) :

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2021 ജൂലൈ 27- ാം തീയതിയിലെ നക്ഷത്രചിഹ്നമിട്ട 109- ാം നമ്പർ ചോദ്യത്തിന്റെയും, മൂന്നാം സമ്മേളനത്തിലെ 2021 ഒക്ടോബർ 8- ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 1666- ാം നമ്പർ ചോദ്യത്തിന്റെയും, 2021 ഒക്ടോബർ 26- ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 3584- ാം നമ്പർ ചോദ്യത്തിന്റെയും ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റും തിരുത്തൽ വരുത്തിയ മറുപടിയും ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണനും, പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ 2021 ഒക്ടോബർ 25- ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 3173, 3181, 3188, 3193, 3195, 3197, 3218, 3251 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റും തിരുത്തൽ വരുത്തിയ മറുപടിയും പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയും മേശപ്പുറത്തുവച്ചു.

അടിയന്തരപ്രമേയം :

സംസ്ഥാനത്ത് തീവ്ര മഴ മുന്നറിയിപ്പ് ലഭിച്ച സാഹചര്യത്തിലും, ഐക്യരാഷ്ട്ര സഭയുടെ ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് റിപ്പോർട്ടിൽ കാലാവസ്ഥാ

വ്യതിയാനത്തിന്റെ അപകടകരമായ അവസ്ഥയിലുള്ള സ്ഥലമായി കേരളത്തെ രേഖപ്പെടുത്തിയിരിക്കുന്നതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

<u>ശ്രദ്ധ ക്ഷണിക്കൽ</u> :

(1) കുട്ടനാട്ടിൽ വെള്ളപ്പൊക്കംമൂലം ബണ്ട് തകരുന്ന സാഹചര്യങ്ങളിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടിലെ തുക വിനിയോഗിച്ച് വെള്ളം വറ്റിക്കുന്നതിനും സ്കൂളുകളിലേക്കുള്ള വഴികൾ മണ്ണ് നിറച്ച ചാക്കുകൾ നിരത്തി ഉയർത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. തോമസ് കെ. തോമസ് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്ത് ദീർഘനാളായി അടഞ്ഞു കിടക്കുന്ന സ്പെഷ്യൽ സ്കൂളുകളും ബഡ്സ് സ്കൂളുകളും തുറക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. പി. കെ. ബഷീർ പൊതുവിദ്യഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ഡി. സതീശൻ | മുല്ലപ്പെരിയാർ ബേബി ഡാമിലെ സംയുക്ത പരിശോധന | ജലവിഭവ വകുപ്പുമന്ത്രിക്കു വേണ്ടി വൈദ്യുതി വകുപ്പുമന്ത്രി |

(മേൽ വിഷയത്തിൽ മന്ത്രി നൽകിയ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 2 | ഡോ. എൻ. ജയരാജ് | മുന്നാക്ക വിഭാഗങ്ങളിലെ സാമൂഹ്യ-സാമ്പത്തിക വിവര ശേഖരണ സർവ്വേ | മുഖ്യമന്ത്രി |
| 3 | ശ്രീ. എം. മുകേഷ് | സിനിമാ ഷൂട്ടിംഗ് തടസ്സ പ്പെടുത്തുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 4 | ശ്രീ. റോജി എം. ജോൺ | ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന്റെ കനാൽ പദ്ധതി | ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി |
| 5 | ശ്രീമതി കാനത്തിൽ ജമീല | കാപ്പാട് കടൽത്തീരം സംരക്ഷിക്കുന്നതിന് നടപടി | ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി |
| 6 | ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | വടക്കാഞ്ചേരിയിലെ കോൾ പാടങ്ങൾ മാക്രോ ലെവൽ കോൾ മാനേജ്മെന്റിൽനിന്ന് മൈക്രോ ലെവൽ കോൾ മാനേജ്മെന്റിലേക്ക് മാറ്റുന്നതിന് നടപടി | കൃഷി വകുപ്പുമന്ത്രി |
| 7 | ശ്രീ. ഇ. കെ. വിജയൻ | നാദാപുരത്തെ കിഫ്ബി റോഡുകളുടെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 8 | ശ്രീ. യു. എ. ലത്തീഫ് | മഞ്ചേരി മുനിസിപ്പൽ ബസ് സ്റ്റാന്റിൽ കെ.എസ്. ആർ.ടി. സി. സ്റ്റേഷൻ മാസ്റ്റർ ആഫീസ് | ഗതാഗത വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | കുറ്റ്യാടി താലൂക്ക് ആശുപത്രി വികസനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 10 | ശ്രീ. ഷാഫി പറമ്പിൽ | ജനിതകരോഗ ബോധവൽക്കരണവും സ്ക്രീനിംഗ് ക്യാമ്പുകളും സംഘടിപ്പിക്കുന്നതിന് നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

നിയമനിർമ്മാണകാര്യം :

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും :

2021 - ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021 - ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021 - ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021 - ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ, 2021 - ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ, 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തിയ ശ്രീ. അൻവർ സാദത്ത്, ശ്രീ. എ.കെ.എം. അഷ്റഫ് എന്നീ അംഗങ്ങൾ സംസാരിച്ചു.

2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ. യു. ജനീഷ് കുമാർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീമതി. ഒ. എസ്. അംബിക അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ച് സംസാരിച്ചു.

2021-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഡോ. സുജിത് വിജയൻപിള്ള ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച് സംസാരിച്ചു.

2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീമതി കാനത്തിൽ ജമീല ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എ. രാജ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. പി. ബാലചന്ദ്രൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച് സംസാരിച്ചു.

2021-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. സി. ആർ. മഹേഷ് ചുമതലപ്പെടുത്തിയതനുസരിച്ച് ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച് സംസാരിച്ചു.

2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ. പി. എ. മജീദ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. പി.ടി.എ. റഹീം ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലുകൾ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ ഭേദഗതി കൂടാതെ സഭ പാസ്സാക്കുകയും, 2021-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ, 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ എന്നിവ താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു.

1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021 - ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

In section 2 (9A) proposed to be inserted in the principal Act by Clause 2, for the word "officers" the words "an officer " shall be substituted.

2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021 - ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

In section 7(1A) proposed to be inserted in the principal Act by Clause 2(2) for the word “ women” the word “ woman” shall be substituted.

2021 നവംബർ 11- ാം തീയതി വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.49-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

## FIFTEENTH KERALA LEGISLATIVE ASSEMBLY

Third Session

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, November 10, 2021*

**No. 49**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Two Questions in the list of Questions posted for the day were answered orally.

*Statement by Ministers (Correction of answer to Questions)* :

Statement correcting answer and the Corrected answer to Starred question No. 109 dated 27th July 2021 of Second Session of Fifteenth Kerala Legislative Assembly and Unstarred question No. 1666 dated 8th October 2021, Unstarred question No. 3584 dated 26th October 2021 of Third session of Fifteenth Kerala Legislative Assembly were laid on the Table by Shri. K. Radhakrishnan, Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes and Devaswoms on behalf of Minister for Higher Education and Social Justice and Statement correcting answer and the Corrected answer to Unstarred question Nos. 3173, 3181, 3188, 3193, 3195, 3197, 3218, 3251 dated 25th October 2021 of Third Session of Fifteenth Kerala Legislative Assembly were laid on the Table by Shri. V. Sivankutty, Minister for General Education and Labour.

*Adjournment Motion* :

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri. P. C. Vishnunadh and

five other Members regarding the serious situation reported to have arisen consequent on the forecast of heavy rain in the State and the State being named as a place in danger due to climate change by the United Nations' Inter Governmental Panel on Climate Change.

*Calling Attention* :

1. Shri Thomas K. Thomas called the attention of the Minister for Revenue and Housing to the necessity to take steps to elevate the ways to schools using sand filled bags and to drain the water utilizing the funds from the Disaster Management Fund when the bund collapses due to floods in Kuttanad. The Minister made a statement thereto.

2. Shri. P. K. Basheer called the attention of the Minister for General Education and Labour to the necessity to open Buds Schools and Special Schools which stands shut down for a long period in the State. The Minister made a statement thereto.

*The Matters under Rule 304* :

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ഡി. സതീശൻ | മുല്ലപ്പെരിയാർ ബേബി ഡാമിലെ സംയുക്ത പരിശോധന | ജലവിഭവ വകുപ്പുമന്ത്രിക്കു വേണ്ടി വൈദ്യുതി വകുപ്പുമന്ത്രി |

(In protest against the reply by the Minister in the subject, the Members belonging to opposition staged a walkout.)

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 2 | ഡോ. എൻ. ജയരാജ് | മുന്നാക്ക വിഭാഗങ്ങളിലെ സാമൂഹ്യ സാമ്പത്തിക വിവര ശേഖരണ സർവ്വേ | മുഖ്യമന്ത്രി |
| 3 | ശ്രീ. എം. മുകേഷ് | സിനിമാ ഷൂട്ടിംഗ് തടസ്സ പ്പെടുത്തുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 4 | ശ്രീ. റോജി എം. ജോൺ | ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന്റെ കനാൽ പദ്ധതി | ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി |
| 5 | ശ്രീമതി കാനത്തിൽ ജമീല | കാപ്പാട് കടൽത്തീരം സംരക്ഷിക്കുന്നതിന് നടപടി | ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി |
| 6 | ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | വടക്കാഞ്ചേരിയിലെ കോൾ പാടങ്ങൾ മാക്രോ ലെവൽ കോൾ മാനേജ്മെന്റിൽനിന്ന് മൈക്രോ ലെവൽ കോൾ മാനേജ്മെന്റിലേക്ക് മാറ്റുന്നതിന് നടപടി | കൃഷി വകുപ്പുമന്ത്രി |
| 7 | ശ്രീ. ഇ. കെ. വിജയൻ | നാദാപുരത്തെ കിഫ്ബി റോഡുകളുടെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 8 | ശ്രീ. യു. എ. ലത്തീഫ് | മഞ്ചേരി മുനിസിപ്പൽ ബസ് സ്റ്റാന്റിൽ കെ.എസ്. ആർ.ടി. സി. സ്റ്റേഷൻ മാസ്റ്റർ ആഫീസ് | ഗതാഗത വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| 9 | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | കുറ്റ്യാടി താലൂക്ക് ആശുപത്രി വികസനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 10 | ശ്രീ. ഷാഫി പറമ്പിൽ | ജനിതകരോഗ ബോധവൽക്കരണവും സ്ക്രീനിംഗ് ക്യാമ്പുകളും സംഘടിപ്പിക്കുന്നതിന് നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Legislative Business* :

Motion for consideration and further stages of the following Bills as reported by the Subject Committee :

The Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund (Amendment) Bill, 2021, The Kerala Shops and Commercial Establishments Workers' Welfare Fund (Amendment) Bill, 2021, The Kerala Small Plantation Workers' Welfare Fund (Amendment) Bill, 2021, The Kerala Shops and Commercial Establishments (Amendment) Bill, 2021 and The Kerala Headload Workers' (Amendment) Bill, 2021.

Shri V. Sivankutty, Minister for General Education and Labour moved the motion that The Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund (Amendment) Bill, 2021, The Kerala Shops and Commercial Establishments Workers' Welfare Fund (Amendment) Bill, 2021, The Kerala Small Plantation Workers' Welfare Fund (Amendment) Bill, 2021, The Kerala Shops and Commercial Establishments (Amendment) Bill, 2021 and The Kerala Headload Workers' (Amendment) Bill, 2021 as reported by the Subject Committee be taken up for consideration.

Shri Anwar Sadath and Shri. A. K. M. Ashraf who recorded their dissent to the Subject Committee Reports spoke.

Smt. O. S. Ambika as authorised by Shri. K. U. Jenish Kumar moved an amendment to circulate The Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund (Amendment) Bill, 2021 for obtaining public opinion and spoke. Shri O. R. Kelu as authorised by Shri. Xavier Chittilappilly moved another amendment to recommit the Bill to the same Subject Committee and spoke.

Shri K. J. Maxy as authorised by Dr. Sujith Vijayanpillai moved an amendment to circulate The Kerala Shops and Commercial Establishments Workers' Welfare Fund (Amendment) Bill, 2021 for obtaining public opinion and spoke. Shri C. K. Hareendran as authorised by Shri Kadakampally Surendran moved another amendment to recommit the Bill to the same Subject Committee and spoke.

Shri A. Raja as authorised by Smt. Kanathil Jameela moved an amendment to circulate The Kerala Small Plantation Workers' Welfare Fund (Amendment) Bill, 2021 for obtaining public opinion and spoke. Shri P. S. Supal as authorised by Shri P. Balachandran moved another amendment to recommit the Bill to the same Subject Committee and spoke.

DR. Mathew Kuzhalnadan as authorised by Shri C. R. Mahesh moved an amendment to circulate The Kerala Shops and Commercial Establishments (Amendment) Bill, 2021 for obtaining public opinion and spoke. Shri. M. Vincent as authorised by Shri Thiruvanchoor Radhakrishnan moved another amendment to recommit the Bill to the same Subject Committee and spoke.

Shri U. A. Lathif as authorised by Shri. K.P.A. Majeed moved an amendment to circulate The Kerala Headload Workers' (Amendment) Bill, 2021 for obtaining public opinion and spoke. Shri. Murali Perunelly as authorised by Shri P.T.A. Rahim moved another amendment to recommit the Bill to the same Subject Committee and spoke.

After discussion and reply of the Minister the amendments moved were withdrawn with the leave of the House. Then The Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund (Amendment) Bill, 2021,

The Kerala Shops and Commercial Establishments Workers' Welfare Fund (Amendment) Bill, 2021 and The Kerala Small Plantation Workers' Welfare Fund (Amendment) Bill, 2021 as reported by the Subject Committee were taken into consideration and passed without any amendments and The Kerala Shops and Commercial Establishments (Amendment) Bill, 2021 and The Kerala Headload Workers' (Amendment) Bill, 2021 as reported by the Subject Committee was taken into consideration and passed by the House with the following amendments.

1) The Kerala Shops and Commercial Establishments (Amendment) Bill, 2021 as reported by the Subject Committee

*Clause 2*

In section 2 (9A) proposed to be inserted in the principal Act by Clause 2, for the word "officers" the words "an officer " shall be substituted.

2) The Kerala Headload Workers' (Amendment) Bill, 2021 as reported by the Subject Committee

*Clause 2*

In section 7(1A) proposed to be inserted in the principal Act by Clause 2(2) for the word " women" the word " woman" shall be substituted.

The House adjourned at 4.49 p.m. to meet again at 9.00 a.m. on Thursday November 11, 2021.

S. V. UNNIKRISHNAN NAIR,
*Secretary.*